മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 19

# വാർത്താക്കുറിപ്പ് 2

---

## എം.ജി സർവകലാശാലാ അക്കാദമിക് കാർണിവൽ; രജിസ്ട്രേഷന് തുടക്കമായി

..............

മഹാത്മാ ഗാന്ധി സർവകലാശാല ജനവരി 17 മുതൽ 19 വരെ കോട്ടയം നഗരത്തിൽ സംഘടിപ്പിക്കുന്ന യുനോയ 2023 അക്കാദമിക് കാർണിവലിൽ കോളജുകളുടെ രജിസ്ട്രേഷൻ തുടക്കമായി. വൈസ് ചാൻസറുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത 12 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ തുക പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഏറ്റുവാങ്ങി.

രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ് കളമശേരി, സി.എം.എസ് കോളജ് കോട്ടയം, കെ.ഇ. കോളജ് മാന്നാനം, ഇന്ദിരാഗാന്ധി കോളജ് കോതമംഗലം, അല് അസർ കോളജ് തൊടുപുഴ, എസ്.എച്ച്. കോളജ് തേവര, ബസേലിയോസ് കോളജ് കോട്ടയം, സീപാസ് കോട്ടയം, എസ്.ബി. കോളജ് ചങ്ങനാശേരി, മംഗളം കോളജ്, എസ്.എസ് കോളേജ് പൂത്തോട്ട, സെന്റ് പീറ്റേഴ്സ് കോളജ് കോലഞ്ചേരി എന്നീ സ്ഥാപനങ്ങളാണ് ആദ്യ ഘട്ടത്തിൽ രജിസ്ട്രേഷൻ തുക കൈമാറിയത്.

സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, ഡോ. എസ്. ഷാജില ബിവി, ബാബു മൈക്കിൾ, ഡോ. കെ.എം. സുധാകരൻ, സർവകലാശാലാ രജിസ്ട്രാര് ഡോ. ബി. പ്രകാശ് കുമാർ, ഫിനാൻസ് ഓഫീസര് ബിജു മാത്യു രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രതിനിധികളായ പ്രഫ. ജേക്കബ് കുര്യൻ ഓണാട്ട്, പ്രഫ. കെ.എസ്. ഉല്ലാസ്, ഡോ ഷാജു, ഡോ. ശശിധരൻ, ഡോ. കിരൺ തമ്പി, ഡോ. ജോജി ജോൺ, ഡോ. ഐസൺ വഞ്ചിപ്പുരയ്ക്കൽ, അനീഷ, ഡോ. പി. ജ്യോതിമോൾ, ലിജിമോൾ പി. ജേക്കബ്, എം.എസ്. ബിന്ദു, ഡോ. സോണി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

പുതിയ കാലത്തെ രാജ്യാന്തര നിലവാരത്തിലുള്ള പഠന, ഗവേഷണ സാധ്യതകൾ അടുത്തറിയാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കുന്നതിന് ലക്ഷ്യമിട്ടാണ് കോട്ടയം നഗരത്തിലെ വിവിധ വേദികളിലായി അക്കാദമിക് കാർണിവൽ സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസ പ്രദർശനം, ശിൽപ്പശാലകൾ, സെമിനാറുകൾ, പുസ്തകമേള,

കലാസാംസ്കാരിക സദസ്, വിളംബര ഘോഷയാത്ര തുടങ്ങിയവ കാർണിവലിന്റെ ഭാഗമായി നടക്കും.

(പി.ആർ.ഒ./39/1762/2022)

...............

ഫോട്ടോ ക്യാപ്ഷൻ...

മഹാത്മാ ഗാന്ധി സർവകലാശാല ജനുവരിയിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന യൂനോയ 2023 അക്കാദമിക് കാർണിവലിന്റെ രജിസ്ട്രേഷൻ തുക പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാറിന് മാന്നാനം കെ.ഇ കോളജ് പ്രിൻസിപ്പൽ ഡോ. ഐസൻ വഞ്ചിപ്പുരയ്ക്കൽ കൈമാറുന്നു. ഡോ. ബിജു തോമസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി,ഡോ. കെ.എം. സുധാകരൻ, ബാബു മൈക്കിൾ എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**